**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4955** **20-03-2025 - ൽ മറുപടിയ്ക്ക്**

**പ്രീ പ്രൈമറി വിദ്യാഭ്യാസം മെച്ചപ്പെടുത്താൻ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എല്ലാ പ്രൈമറി സ്കൂളുകളിലും പ്രീ പ്രൈമറി ക്ലാസുകൾ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എല്ലാ സ്കൂളുകളിലും ആയത് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (എ) | ഇല്ല. നിലവിൽ പരിഗണനയിലില്ല. |
| (ബി) | കുട്ടികളുടെ ശാരീരിക, മാനസികവളർച്ചയ്ക്ക് സഹായകമായ എന്തെല്ലാം ക്രമീകരണങ്ങളാണ് പ്രസ്തുത സ്കൂളുകളിൽ ഏർപ്പെടുത്തിയിരിക്കുന്നത്; വ്യക്തമാക്കുമോ; | (ബി) | നിലവിൽ പ്രീ-പ്രൈമറി വിഭാഗം പ്രവർത്തിക്കുന്ന വിദ്യാലയങ്ങളിൽ കുട്ടികളുടെ ശാരീരിക മാനസിക വളർച്ചയ്ക്കാവശ്യമായ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br><br>• കുട്ടികളുടെ മാനസികവും ശാരീരികവുമായ വളർച്ചക്കും ഉല്ലാസത്തിനും വേണ്ടി മിക്ക സ്കൂളുകളിലും കളിസ്ഥലങ്ങൾ, കളിക്കോപ്പുകൾ, പുസ്തകങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നീ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br>•<br>• കുട്ടികളുടെ ശാരീരിക മാനസിക വളർച്ചയ്ക്ക് പോഷക സമൃദ്ധമായ ഭക്ഷണം നൽകുന്നുണ്ട്. കായിക ശേഷി വികസനത്തിനുള്ള കളികൾ എല്ലാ ദിവസവും അവരുടെ അനുഭവ പ്രവർത്തനങ്ങളോടൊപ്പം നൽകുന്നുണ്ട്.<br>•<br>• കുട്ടികൾക്ക് കളിസ്ഥലങ്ങൾ, സംഗീത ഉപകരണങ്ങൾ, ആർട്ട് & ക്രാഫ്റ്റ് മെറ്റീരിയൽസ് എന്നിവ വാങ്ങുന്നതിനായി സ്കൂളുകൾക്ക് സിസ്റ്റമാറ്റൈസിങ് ഓഫ് പ്രീ-പ്രൈമറി എഡ്യൂക്കേഷൻ ഫണ്ടിൽ നിന്നും തുക അനുവദിച്ചുവരുന്നു.<br>•<br>• സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടികളുടെ മാനസിക ഉല്ലാസത്തിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും കളിസ്ഥലം ഒരുക്കുന്നതിനും 10 ലക്ഷം രൂപ |

| | | | |
|---|---|---|---|
| | | | സ്കൂളുകൾക്ക് അനുവദിക്കുന്നുണ്ട്. കൂടാതെ പഠനമൂല പദ്ധതിയിലൂടെ കുട്ടികൾക്ക് മാനസീക ഉല്ലാസത്തിനു വേണ്ട ക്രമീകരണങ്ങൾ പ്രീ-പ്രൈമറി ഉള്ള സ്കൂളുകൾക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.<br>• <br>• ശാസ്ത്രീയവും കാര്യക്ഷമവുമായ സ്വഭാവ രൂപീകരണത്തിനും കുഞ്ഞുങ്ങളുടെ മാനസികോല്ലാസം വർദ്ധിപ്പിക്കുന്ന പരിശീലനം നൽകി വരുന്നു. കൂടാതെ സമഗ്ര ശിക്ഷയുമായി ബന്ധപ്പെട്ട് വർണ്ണകൂടാരം പോലുള്ള പദ്ധതികൾ നടപ്പാക്കി പ്രീ-പ്രൈമറി ക്ലാസുകൾ ആധുനികവത്കരിക്കുന്നതിനും പ്രീ സ്കൂൾ ഭൗതിക അന്തരീക്ഷവും, കുട്ടി ഇടപെടുന്ന മറ്റു ഭൗതിക ചുറ്റുപാടുകൾ എന്നിവ ആകർഷകവും ആനന്ദകരവും ആക്കുന്നതിന് സംഗീത ഉപകരണങ്ങൾ വാങ്ങുന്നതിനും ക്ലാസിനു പുറത്തുള്ള കളിസ്ഥലങ്ങൾ ഒരുക്കുന്നതിലേക്കുമൊക്കെയായി ഫണ്ടുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.<br>• <br>• അംഗീകാരമുള്ള പ്രീ-പ്രൈമറി സ്കൂളുകളിൽ ഭൂരിഭാഗം സ്ഥലത്തും സ്റ്റാഴ്സ് പദ്ധതിപ്രകാരം വർണ്ണക്കൂടാരം ലഭ്യമാക്കിയിട്ടുണ്ട്. കളികളിലൂടെയും ആക്റ്റിവിറ്റികളിലൂടെയും കുട്ടികളുടെ പഠനം ഉറപ്പാക്കുക, ശേഷി വികാസം സാദ്ധ്യമാക്കുക, മാനസികോല്ലാസം ഉറപ്പാക്കുക എന്നീ ലക്ഷ്യത്തോടെ 13 ഇടങ്ങൾ ക്രമീകരിച്ചാണ് വർണ്ണക്കൂടാരം നിർമ്മിച്ചിരിക്കുന്നത്. 4 വയസ് പൂർത്തിയാക്കുന്ന 1 കുട്ടിക്ക് ശാരീരിക ചാലക വികാസം, ഭാഷാ വികാസം, വൈജ്ഞാനിക വികാസം, സാമൂഹിക വൈകാരിക വികാസം, സർഗ്ഗാത്മക-സൗന്ദര്യാത്മക വികാസം എന്നിവ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് ഓരോ ഇടങ്ങളും ക്രമീകരിച്ചിരിക്കുന്നത്.<br>• <br>• ഓരോ ബി.ആർ.സി തലത്തിൽ പഠനോത്സവങ്ങളും നടത്താറുണ്ട്. |
| (സി) | പ്രീ പ്രൈമറി വിദ്യാഭ്യാസം മെച്ചപ്പെടുത്താൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | കാലോചിതമായ പരിശീലനം എല്ലാ പ്രീ-പ്രൈമറി അധ്യാപകർക്കും നൽകുവാനും കൂടാതെ പ്രീ-പ്രൈമറി കുട്ടികൾക്ക് പഠിച്ചും കളിച്ചും വളരാനുള്ള അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്താനുമുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നുണ്ട്.കളിത്തോണി വർക്ക് ബുക്കിനു |

| | | | |
|---|---|---|---|
| | | | പുറമെ, ആക്ടിവിറ്റികൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്ന ബുക്കുകൾ, വെൽനസ് പാർക്കുകൾ എന്നിവയും എല്ലാ പ്രീ-പ്രൈമറി സ്കൂളുകളിലും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ